LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാണ് തുക വിനിയോഗിക്കുന്നത്.

(ബി) 50 കുടുംബങ്ങളിൽ കൂടുതലുള്ള പട്ടികജാതി കോളനികളാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. കോളനികളെ തെരഞ്ഞെടുത്തിരുന്നത് അതാത് പ്രദേശങ്ങളിലെ എം.എൽ.എ./എം.പി.-മാരാണ്. തെരഞ്ഞെടുക്കപ്പെട്ട 120 പട്ടികജാതി കോളനികളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിച്ചിരുന്നത്. എന്നാൽ താഴെപ്പറയുന്ന 6 കോളനികളിൽ യഥാസമയം പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞില്ല. പീരുമേട് നിയോജക മണ്ഡലത്തിലെ കുമളി പഞ്ചായത്തിലുള്ള ചെങ്കും എസ്റ്റേറ്റ് ലയം കോളനിയിലും ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ പാമ്പാടുംപാറ പഞ്ചായത്തിലുള്ള പുതുക്കാട് കോളനിയിലും നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അലത്തറവിളാകം കോളനിയിലും എറണാകുളം പാർലമെന്റ് മണ്ഡലത്തിലെ രാമേശ്വരം കോളനിയിലുമാണ് പദ്ധതി നടപ്പിലാക്കാൻ ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ ബന്ധപ്പെട്ട എം.എൽ.എ./ എം.പി.-മാർ യഥാക്രമം ചെങ്കര കരിശ്ശുമല കോളനിയിലും ആദ്യാർപുരം കോളനിയിലും തോണിക്കടവ് കോളനിയിലും മോനിപ്പള്ളി കോളനിയിലും പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കോർപ്പറേഷനിലെ കല്ലുത്താൻകടവ് കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നെങ്കിലും പ്രസ്തുത കോളനികളുടെ വികസനത്തിനായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനാൽ അവിടെ സ്വയം പര്യാപ്തഗ്രാമം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. കണ്ണൂർ ജില്ലയിൽ മുണ്ടേരി പഞ്ചായത്തിലെ നിലപ്പനക്കുന്ന് കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പിന്നീട് ആ കോളനിക്കു പകരം മറ്റൊരു കോളനി നിർദ്ദേശിക്കണമെന്ന് അറിയിച്ചതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ഡി.ടി.പി.സി.-കളിൽ ജോലി ചെയ്യുവരുന്ന താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ

7(8288) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.ടി.പി.സി.-കളിൽ ജോലി ചെയ്യുവരുന്ന താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡി.ടി.പി.സി.-കളിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു :

ക്രമ നമ്പർ	ജില്ല	ജീവനക്കാരുടെ എണ്ണം
1	തിരുവനന്തപുരം	67
2	കൊല്ലം	14
3	ആലപ്പുഴ	27
4	പത്തനംതിട്ട	9
5	കോട്ടയം	16
6	ഇടുക്കി	32
7	എറണാകുളം	1
8	തൃശ്ശൂർ	57
9	പാലക്കാട്	2
10	മലപ്പുറം	17
11	കോഴിക്കോട്	17
12	വയനാട്	21
13	കണ്ണൂർ	3
14	കാസർഗോഡ്	9

(ബി) ഇപ്പോൾ പരിഗണനയിലില്ല.